# വിപശ്യനാ പത്രിക

*സയാജി ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 7, No. 11 : നവംബർ 2014** | **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**മലയാളം മാസ പത്രിക** | **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

### *ധർമ്മ വാണി*

*അസേവനാ ച ബാലാനം,*
*പണ്ഡിതാനഞ്ച സേവനാ,*
*പുജാ ച പൂജനീയാനം,*
*ഏതം മംഗളമുത്തമം.*

മൂഢന്മാരുമായുള്ള സമ്പർക്കമില്ലാതിരിക്കുക,
പണ്ഡിതന്മരുമായി സമ്പർക്കമുണ്ടായിരിക്കുക,
പൂജനീയരെ പൂജിക്കുക,
ഇതാണ് ഉത്തമമായ മംഗളം.

— **ഖുദ്ദക നികായ, ഖുദ്ദകപാഠപാളി, മംഗളസുത്തം** (വീ.ആർ.ഐ. 1.4)

# മൂന്നു ദിന പ്രവചനം — *2*

**എസ. എൻ. ഗോയങ്ക**

*(ഗോയങ്കജിയുടെ മൂന്നു ദിന ശിബിരത്തിലെ പ്രവചനം)*

...മൂന്നു ദിവസ ലഘുശിബിരത്തിലെ രണ്ടാം ദിവസം പൂർണ്ണമായി. ഇന്നലെ മുഴുവനും ആനാപാന ചെയ്തുകൊണ്ടിരുന്നു. ശ്വാസത്തിന്റെ ചുവടുപിടിച്ച്, സ്വാഭാവിക ശ്വാസത്തെ അറിഞ്ഞുകൊണ്ട്, ചിത്തത്തെ ഏകാഗ്രമാക്കുന്ന ജോലി ചെയ്തുകൊണ്ടിരുന്നു.

ഇന്നു രാവിലെ വിപശ്ശന ചെയ്തപ്പോൾ പ്രജ്ഞയുടെ ക്ഷേത്രത്തിലേക്ക് കടന്നു, ചിത്തത്തെ നിർമ്മലമാക്കുന്ന ജോലി ആരംഭിച്ചു. ആനാപാന ചെയ്തു കൊണ്ടിരുന്നപ്പോഴും മനസ്സിന്റെ മേൽ (ഉപരി) ഭാഗത്തെ നിർമ്മലമാക്കുന്ന ജോലി തുടങ്ങിയിരുന്നു. എന്നാൽ പ്രജ്ഞയുടെ ജോലി ആരംഭിച്ചപ്പോൾ ആഴങ്ങൾ വരെ നിർമ്മലമാക്കുന്ന ജോലി ആരംഭിച്ചു. പ്രജ്ഞയും ഭാവനാമയ മാകുമ്പോൾ ആഴതലങ്ങൾ വരെ കടന്നുചെന്നു മനസ്സിനെ നിർമ്മലമാക്കുന്ന ജോലി ആരംഭിച്ചു. കേവലം ശ്രുതപ്രജ്ഞയായിരുന്നെങ്കിൽ സത്യത്തെ അംഗീകരിച്ചുകൊണ്ട്, വിശ്വസിച്ചുകൊണ്ടിരിക്കു മായിരുന്നു. കാരണം അത് കേട്ടിട്ടുള്ളതോ വായിച്ചറിഞ്ഞുട്ടുള്ളതോ മാത്രമാണ്, – ഇന്ന വ്യക്തിയുടെ വാക്കുകളാണ്, ഇന്ന ശാസ്ത്രത്തിലെ കണ്ടെത്തലുകളാണ്, അവയിൽ വളരെ വിശ്വാസ മുണ്ട്, അതുകൊണ്ട് സ്വീകരിക്കുന്നു. എന്നാൽ അതുകൊണ്ട് അന്തർമനസ്സിന്റെ ആഴതലങ്ങൾ വരെ നിർമ്മലമാകുന്നില്ല.

ഇനി ചിന്താമയി പ്രജ്ഞയാണെങ്കിൽ ചിന്തിച്ച്, മനനം ചെയ്തിരിക്കുമായിരുന്നു. ബുദ്ധിയുടെ തലത്തിൽ കാര്യം ശരിയാണെന്ന് മനസ്സിലാക്കുമായിരുന്നു. നിർമ്മലമാക്കുന്ന ജോലി അവിടെയും നടക്കുന്നുണ്ട്, കേവലം ബൗദ്ധിക തലത്തിൽ നിർമ്മലമാക്കുന്നു. അപ്പോഴും മനസ്സിന്റെ അഗാധതലങ്ങളിൽ എത്തിച്ചേരുന്നില്ല. എന്നാൽ പ്രജ്ഞ ഭാവനമയമാകുമ്പോൾ, അനുഭവവേദ്യ മാകുമ്പോൾ സത്യം പ്രത്യക്ഷാനു ഭൂതിയാൽ നമുക്ക് മനസ്സിലാകുന്നു. ഇപ്പോൾ കേവലം പറഞ്ഞുകേട്ട കാര്യമല്ല, വായിച്ചറിഞ്ഞ കാര്യമല്ല, ചിന്തിച്ച് മനനം ചെയ്ത് അംഗീകരിച്ച കാര്യമല്ല, ഇപ്പോൾ അനുഭവം കൊണ്ട് അറിഞ്ഞ് സ്വീകരിക്കുന്ന കാര്യമാണ്.

ഇതുവരെ വിശ്വസിക്കുക മാത്രം ചെയ്യുന്ന കാര്യമായിരുന്നു. ഇപ്പോൾ അനുഭവം കൊണ്ട് മനസ്സിലാക്കിയ അറിവാണ്. എന്നാൽ വിശ്വാസവും അനുഭവിച്ചുള്ള അറിവും തമ്മിൽ വളരെ അന്തരമുണ്ട്. വിശ്വസിക്കുന്നതുകൊണ്ടും പ്രയോജന മുണ്ട്. പ്രയോജനം ആദ്യകാൽവെപ്പ് നടത്തി എന്നതു മാത്രം. ഇനി അടുത്ത കാൽവെപ്പ് നടത്താം, ഈ സത്യത്തെ അറിയാം. അടുത്ത കാൽവെപ്പ് നടത്താതെ, എനിക്കെല്ലാം വിശ്വാസമാണ് വിശ്വാസത്തോടെ അറിയുകയാണ് എന്ന ഭ്രമത്തിലി രുന്നാൽ ഞാൻ ഭക്തികൊണ്ട് ബുദ്ധികൊണ്ട് എല്ലാം വിശ്വസിക്കുന്നു, അംഗീകരിക്കുന്നു. ഞാൻ വലിയ അറുവുള്ളവനായി, ഇനി ഒന്നും ചെയ്യുവാനില്ല എന്നാണെങ്കിൽ, വലിയ തെറ്റിദ്ധാരണയായിരിക്കും. അങ്ങനെയാകുമ്പോൾ പ്രത്യക്ഷമായ അനുഭൂതിയാൽ അറിയുന്ന കാര്യമേ ചെയ്യുകയില്ല, അന്തർമനസ്സിന്റെ ആഴതലങ്ങളിൽ അടിഞ്ഞുകൂടിയ അഴുക്കിനെ ഇളക്കി കളയുന്നതിനുള്ള മാർഗ്ഗം അയാൾക്ക് നഷ്ടമാകും. എന്നാൽ ഭാവനാമയി പ്രജ്ഞയിൽ ജോലി ആരംഭിക്കുമ്പോൾ, അതായത് അനുഭൂതിയുടെ തലത്തിൽ സത്യത്തെ അറിയുന്നതിനുള്ള ജോലി ആരംഭിക്കുമ്പോൾ ആ വ്യക്തിക്ക് മാർഗ്ഗം തുറന്നു കിടന്നു. അനുഭൂതി കൊണ്ട് സത്യത്തെ അറിഞ്ഞുതുടങ്ങിയാൽ ഉടനെ മനസ്സിലെ സകല വികാരങ്ങളും അകലും എന്നല്ല. അങ്ങനെ

സംഭവിക്കുന്നില്ല. പക്ഷേ നമുക്ക് ഒരു വഴി തുറന്നുകിട്ടുക തന്നെ ചെയ്യും ചിത്തത്തിന്റെ മുകൾ (ഉപരി) ഭാഗം തൊട്ട് തുടങ്ങി ആഴങ്ങൾ വരെ എത്തി അവിടെയുള്ള സത്യത്തെയറിഞ്ഞ് വികാരത്തെ അകറ്റുവാൻ കഴിയും. അതുകൊണ്ടാണ് വിപശ്ശനയുടെ ജോലി ആരംഭിച്ചത്.

ഇന്നലെ മനസ്സിലാക്കിയ കാര്യങ്ങൾ ഇന്നു വീണ്ടും മനസ്സിലാക്കാം. അനേകവിധത്തിലുള്ള സാധനാമാർഗ്ഗങ്ങളുണ്ട്. അവയിൽ പലതും നമ്മുടെ മനസ്സിന്റെ മേൽ ഭാഗത്തെ ശുദ്ധമാക്കുന്ന ജോലി ആരംഭിക്കുന്നുമുണ്ട്. മേൽ ഭാഗം മാത്രം ശുദ്ധമാകുന്നതും നല്ല കാര്യം തന്നെയാണ്, അതിൽ ദോഷ മൊന്നുമില്ല. എന്നാൽ മേൽഭാഗം മാത്രം ശുദ്ധമാക്കിയിരുന്നാൽ നമ്മൾ വികാരങ്ങളിൽ നിന്നും വിമുക്തരാകുന്നില്ല. നമ്മൾ അകത്ത് വികാരങ്ങൾ സംഗ്രഹിച്ചു വച്ചിട്ടുള്ളതിനു പുറമെ, സൃഷ്ടിച്ചു കൊണ്ടും ഇരിക്കുകയാണ്. ഈ ആഴതലങ്ങൾ വരെ വികാരങ്ങൾ സൃഷ്ടിക്കുന്നത് അന്തർമനസ്സിന്റെ ഒരു സ്വഭാവമായിരിക്കുകയാണ് എപ്പോൾ നോക്കിയാലും വികാരം ജനിപ്പിക്കുക, വികാരം ജനിപ്പിക്കുക; രാഗം ജനിപ്പിക്കുക, ദ്വേഷം ജനിപ്പിക്കുക. ഈ സ്വഭാവം മാറ്റിയെടുക്കാത്തിടത്തോളം, അതിനെ നീക്കം ചെയ്യാത്തിടത്തോളം യഥാർത്ഥത്തിൽ അടിമനസ്സു ശുദ്ധമാകുന്നില്ല. മനസ്സിന്റെ മേൽഭാഗം ശുദ്ധ മാക്കാൻ ചില പുറം പൂശുകൾ നടത്തിയിരിക്കുന്നു.

എന്നാൽ മനസ്സിന്റെ അകത്തെ ഭാഗം വളരെ വലിയതാണ്, വളരെ ശക്തിയുള്ളതാണ് അതിന്റെ വലിപ്പം കൊണ്ടുമാത്രമല്ല, അത് തായവേരു കൂടിയാണ്. കാരണം നല്ലതും ചീത്തയും എല്ലാം മനസ്സിന്റെ മേൽഭാഗത്തേക്ക് അവിടെ നിന്നുമാണ് കിട്ടുന്നത്. വേരുകൾ നന്നല്ലെങ്കിൽ മനസ്സിന്റെ മേൽഭാഗവും നന്നായിരിക്കുകയില്ല. ആയിരം ലേപനം പുരട്ടിയാലും അവയോക്കെയും അടർന്നു പോകും, നിഷ്പ്രയോജനകരമായിത്തീരും. വീണ്ടും അകത്തെ അഴുക്കുകൾ മുകളിൽ വരും, മനസ്സാകെ നിറയും, അവിടെ അധികാരം സ്ഥാപിക്കുകയും ചെയ്യും. കാരണം വേരുകൾ ശരിയായിട്ടില്ല. സ്ഥായിയായ ശുദ്ധീകരണം നടന്നിട്ടില്ല. താൽ ക്കാലിക ശുദ്ധീകരണമാണ് നടന്നത്. കുറച്ചു സമയത്തേക്കു മാത്രം നമ്മൾ മേൽമനസ്സിനെ ഏതെങ്കിലും കാര്യത്തിൽ ഉറപ്പിച്ചു നല്ല ചിന്തയിൽ നിർത്തി, ഏതെങ്കിലും കൽപനയിൽ രമിപ്പിച്ചു, ഏതെങ്കിലും നിർദ്ദേശങ്ങളിൽ പിടിച്ചു നിർത്തി, ഏതെങ്കിലും വിശ്വാസങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു – അങ്ങനെ മനസ്സിനെ ഡൈവേർട്ടു ചെയ്തു, മേൽമനസ്സിനെയാണ് ഡൈവർട്ട് ചെയ്തു ശുദ്ധീകരിച്ചത്. പക്ഷേ അകമാകെ അഴുക്കു നിറഞ്ഞതാണ്. അതുകൊണ്ടിതിനെ ശുദ്ധീകരിച്ചു എന്നു പറയാനാവില്ല. ബുദ്ധനായിത്തീരുന്ന വ്യക്തി – ബുദ്ധനായിത്തീരുക ഒരാളുടെ മാത്രം കുത്തകയല്ല എന്നു മനസ്സിലാക്കണം. ഒരാളുടെ മാത്രം ഏകാധികാരമല്ല, യഥാർത്ഥത്തിൽ ബുദ്ധനായി ത്തീരുന്ന വ്യക്തി ശരിക്കു മനസ്സിലാക്കുന്ന കാര്യമാണ് – തന്നെക്കാൾ മുൻപെ എത്രയോപേർ ബുദ്ധനായി കഴിഞ്ഞിരിക്കുന്നു, എണ്ണമില്ല! തനിക്കുശേഷം എത്രയോ പേർ ബുദ്ധരാകും, എണ്ണമില്ല!

ആരാണ് ബുദ്ധൻ? എല്ലാ സത്യങ്ങളെയും സ്വന്തം അനുഭൂതികൊണ്ട് അറിഞ്ഞു കഴിഞ്ഞയാൾ – എല്ലാ സത്യങ്ങളെയും. നമ്മുടെ ബന്ധനങ്ങളുമായി ഏറ്റവും അടുത്ത ബന്ധമുള്ള സത്യങ്ങൾ, നമ്മുടെ മുക്തിയുമായി, മുക്തിക്കുള്ള ഉപായവുമായി ബന്ധമുള്ള എല്ലാ സത്യങ്ങളെയും അറിഞ്ഞയാൾ. അറിഞ്ഞ് അതുപയോഗിച്ച് സ്വയം മുക്തനാ ക്കുന്നയാൾ. മറ്റായിരം കാര്യങ്ങൾ അറിഞ്ഞി രുന്നാലും മഹത്വമില്ല. ഈ ചന്ദ്രൻ പരന്നതാണോ, പന്തുപോലെ ഉരുണ്ടതാണോ? ഏതെങ്കിലുമായി രിക്കും. അതുമായി നമുക്കെന്തു ബന്ധം? അത് പരന്നിരിക്കുന്നത് നമ്മുടെ ദുഃഖങ്ങൾക്കു കാരണമല്ല. പന്തുപോലെ ഉരുണ്ടിരിക്കുന്നതും നമ്മുടെ ദുഃഖങ്ങൾക്കു കാരണമല്ല. അത് പരന്നിരിക്കുന്നത് നമുക്ക് ദുഃഖങ്ങളിൽ നിന്നും മുക്തമാകുന്നതിനുള്ള ഉപായവുമല്ല. പന്തുപോലിരിക്കുന്നതും ദുഃഖ വിമുക്തിക്കുള്ള ഉപായമല്ല. ബുദ്ധിമാൻ ഇത്തരം നിഷ്പ്രയോജനമായ കാര്യങ്ങളെ ശ്രദ്ധിക്കുകയില്ല. ലോകത്ത് ഇത്തരം ആയിരക്കണക്കിന് കാര്യങ്ങളുണ്ട്. ഇവയുമായി നമ്മുടെ ദുഃഖത്തിന് യാതൊരു ബന്ധവുമില്ല. നമ്മുടെ ദുഃഖ നിവാരണത്തിനുപകരിക്കാത്തവയായും ഇത്തരം എണ്ണമറ്റ കാര്യങ്ങളുണ്ട്. ബുദ്ധൻ കേവലം സാരമായവ അന്വേഷിക്കും. നിഷ്പ്രയോജന കരമായവ തള്ളിക്കളയുകയും ചെയ്യും.

സാരമായ കാര്യം എന്താണെന്നു വെച്ചാൽ – നാമോരോരുത്തരും തന്റെ അറിവില്ലാതെ, ബോധ പൂർവ്വമല്ലാതേ, അവിദ്യയാൽ ഉള്ളിൽ വികാരം ജനിപ്പിച്ചു കൊണ്ടേയിരിക്കുന്നു. വികാരം ജനിപ്പിച്ചു കൊണ്ടിരിക്കുമ്പൊൾ കെട്ടുകൾ ഇട്ടുകൊണ്ടു മിരിക്കുന്നു. തന്റെ ദുഖം വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു. ആ വ്യക്തിക്ക് ബോധ മുണ്ടെന്നാൽ വികാരങ്ങൾ ആരംഭിക്കുന്ന, ഉത്ഭവിക്കുന്ന ആഴങ്ങളിൽ ചെന്നെത്തി, വികാരം ഉണർത്തുന്നതവസാനിപ്പിക്കും, കെട്ടുകളിടുന്നത വസാനിപ്പിക്കും, മുൻപ് കൂട്ടിവെച്ചിട്ടുള്ളവയെ ഒന്നൊന്നായി പുറത്തു കളയും. പൂർണ്ണമായും പോയികഴിഞ്ഞാൽ അവ പൂർണ്ണമായും തീർന്നു. പുതിയ കെട്ടുകൾ ഇടുന്നത് തടഞ്ഞു, പഴയതെല്ലാം അഴിഞ്ഞു. പുതിയ വികാരങ്ങൾ ഉണ്ടാക്കുന്നത് അവസാനിപ്പിച്ചു. പഴയതുണ്ടായിരുന്നവ ദൂരെ യകന്നു, പുതിയ മാലിന്യം സൃഷ്ടിക്കുന്നതു മവസാനിപ്പിച്ചു. പഴയതു കഴുകി വൃത്തിയാക്കുകയും ചെയ്തു. മുക്തനായി. പ്രയോജനമുള്ള കാര്യം ഇതു മാത്രമാണ് – വികാരം ജനിപ്പിച്ച് വ്യാകുല മാകുന്നതെങ്ങനെ, വികാരമുണ്ടാകുന്ന സ്വഭാവം പൂർണ്ണമായും മാറി പരിപൂർണ്ണമായും ദുഖത്തിൽ നിന്നും മുക്തനായിത്തീരുന്നതെങ്ങനെ? സ്വഭാവം പുർണ്ണമായും മാറിയാൽ എല്ലാ ദുഖത്തിൽ നിന്നും മോചനമായി.

അപ്പോൾ പ്രകൃതിയുടെ നിയമത്തിന്റെ കാര്യമായി – ഇങ്ങനെ ചെയ്താൽ ഇങ്ങനത്തെ മാറ്റമുണ്ടാകും. നമുക്ക് ഈ മാറ്റം വേണ്ട എങ്കിൽ, ഈ മാറ്റം ദുഃഖദായിയാണ് എങ്കിൽ അങ്ങനെ വരുത്താതിരിക്കണം. ഇന്ന വിധമൊക്കെ ചെയ്താൽ ഇന്ന വിധത്തിലുള്ള മാറ്റം ഉണ്ടാകുകതന്നെ ചെയ്യും. താൻ ഹിന്ദുവാണെന്നു പറഞ്ഞാലും, മുസൽമാനാ ണെന്നു പറഞ്ഞാലും, ജൈനനാണെന്നു പറ ഞ്ഞാലും, ബൗദ്ധനെന്നാലും സിഖായിരുന്നാലും യാതൊരു വ്യത്യാസവുമില്ല. ഇത് ധർമ്മത്തിന്റെ കാര്യമാണ്. ഇത് സമ്പ്രദായീകതയുടെ കാര്യമല്ല. ഇത് ഏതെങ്കിലും സമൂഹത്തിലെ വിശ്വാസത്തിന്റെ

കാര്യമല്ല. ഇത് ആചാരാനുഷ്ഠാനങ്ങളുടെ കാര്യമല്ല. ഇത് ശരിക്കും മനസ്സിലാക്കിയ ആൾ ബുദ്ധനായി. ആരു മനസ്സിലാക്കിയാലും ശരി. അപ്പോൾ ഒരാളുടെ ഏകാധികാരമാകുന്നതെങ്ങനെ? കഠിനമായ കാര്യ മാണ്. അങ്ങ് ആഴങ്ങളിൽ വരെ ചെന്ന്, സകലതിനേയും മുറിച്ച്, ഇഴകീറി പഠിച്ച് പ്രകൃതിയുടെ എല്ലാ നിയമങ്ങളേയും, എല്ലാ സത്യങ്ങളേയും അനുഭവത്തെ ആധാരമാക്കി മനസ്സിലാക്കി തന്റെ സകല ബന്ധനങ്ങളുമഴിച്ച് മുക്തനാകുക എളുപ്പമുള്ള കാര്യമല്ല. കഠിനമായ കാര്യമാണ്. എന്നുവെച്ച് ഇത് ലോകത്തിൽ ഒരേ ഒരു വ്യക്തിക്കേ സാധിച്ചിട്ടുള്ളു, മറ്റാർക്കും സാധിച്ചിട്ടില്ല എന്നുമല്ല. അങ്ങനെ വിശ്വസിക്കുന്നതും തെറ്റാണ്. ആര് ചെയ്യുന്നുവോ, ആര് തന്റെ ഉള്ളിലെ സത്യത്തെ അന്വേഷിക്കുന്നുവോ അവർക്കതു സാധ്യമാകും. അന്വേഷിക്കാത്തയാൾക്ക് അനുഭൂതി ഉണ്ടാകുന്നില്ല. വീണ്ടും ബുദ്ധികൊണ്ടുള്ള കസർത്തിലേർപ്പെടും – മറ്റൊരാളെ നോക്കിപ്പറയും – നോക്കൂ, ഇന്നയാൾ തന്നിൽ ക്രോധം ഉണർത്തി, വ്യാകുലനാ കേണ്ടിവന്നു. എനിക്ക് ശരിക്കും മനസ്സിലായി. ക്രോധമുണർത്തിയാൽ വ്യാകുലനാകും, ശരിക്കും മനസ്സിലായി. എന്തു മനസ്സിലായി? നിന്റെ ബുദ്ധി മാത്രമാണ് മനസ്സിലാക്കിയത്. നിനക്ക് അനുഭവ മെവിടെ? സ്വയം ക്രോധം ഉണർന്നു വ്യാകുലനായി; ക്രോധം മാറി, നോക്കൂ, വ്യാകുലതയും മാറി. രാഗം ഉണർന്നു, മനസ്സിൽ പിരിമുറുക്കം ഉണ്ടായി, ദ്വേഷം ഉണർന്നു, മനസ്സിൽ പിരിമുറുക്കം ഉണ്ടായി. രാഗവും ഇല്ല, ദ്വേഷവുമില്ല; പിരിമുറുക്കവുമില്ല. ഇപ്രകാരം അനുഭവം കൊണ്ട് അറിയുമ്പോൾ ഭാവനാമയി പ്രജ്ഞയായി.

ഈ സത്യത്തെ വെളിയിലല്ല തേടി പോകേണ്ടത്. വെളിയിൽ ആണ് തേടുന്നത് എങ്കിൽ അത് ഭാവനാമയി പ്രജ്ഞയാകുകയില്ല, ചിന്താമയി പ്രജ്ഞയാണ്. അകത്ത് തേടുന്നത് ഭാവനാമയി പ്രജ്ഞ – സ്വയം അനുഭൂതിയെകൊണ്ട് കാര്യം മനസ്സിലാക്കുവാൻ തുടങ്ങും. സമ്യക്ക് സംബുദ്ധനായിത്തീർന്ന വ്യക്തി പ്രകൃതിയുടെ സകല നിയമങ്ങളേയും ശരിക്കും മനസിലാക്കി തന്റെ എല്ലാ വികാരങ്ങളിൽ നിന്നും മുക്തനായി. അയാൾ പിന്നെ മറ്റൊരാൾ വലയിൽ കുരുങ്ങുന്നതു എങ്ങനെ സമ്മധിക്കും? ബാക്കി എല്ലാ കാര്യങ്ങളും വലകളാണ്, കുരുക്കിയിടുന്ന കാര്യങ്ങളാണ് മനസിലാക്കിയല്ലോ. അപ്പോൾ ആ വ്യക്തിയിൽ വലിയ കരുണയുണരും – നോക്കൂ, ആളുകൾ എത്ര വലിയ കരുക്കുകളിലാണ്, ധർമ്മത്തിന്റെ പേരിൽ പെട്ടുക്കിടക്കുന്നത്? ഈ പാവങ്ങളെ ഈ കുരുക്കുകളിൽ നിന്നും എങ്ങനെ വെളിയിൽ കൊണ്ടുവരാം? അല്ലെങ്കിൽ മനുഷ്യന്റെതു പോലുള്ള അമൂല്യജീവിതം വെറുതെയാകും. എന്തർ ത്ഥത്തിലാണ് അമൂല്യമീജീവിതം എന്ന് പറയുന്നത്? പ്രകൃതി, നിസർഗ്ഗം അല്ലെങ്കിൽ പരമാത്മാവെന്നു വേണമെങ്കിലും പറയാം, മനുഷ്യന് വലിയ ശക്തി കൊടുത്തിട്ടുണ്ട് – അന്തർമുഖിയായി, സ്വമുഖിയായി, ആത്മമുഖിയായി, ആറടി നീളമുള്ള ഈ ശരീരത്തിനകത്ത് പ്രകൃതിയുടെ നിയമങ്ങളെ അനുഭൂതിയുടെ തലത്തിൽ അറിയുവാൻ കഴിയും. മനുഷ്യനുമാത്രമേ ഇങ്ങനെ ചെയ്യുവാനുള്ള കഴിവുള്ളു. മറ്റു ജീവികൾക്കില്ല. മനസ്സിലാകുക മാത്രമല്ലാ, തന്റെ എല്ലാ വികാരങ്ങളിൽ നിന്നും പുറത്തു വന്ന് മുക്തനായിത്തീരുവാനും കഴിയും. അതുകൊണ്ടാണ് മനുഷ്യന്റെ ജീവിതം അമൂല്യമെന്ന് പറയുന്നത്. മറ്റു ജീവികൾക്ക് ചെയ്യുവാൻ കഴിയാത്തകാര്യം, ഈ മനുഷ്യന് ചെയ്യുവാൻ കഴിയും. അവനതാഗ്രഹിക്കുകയും ചെയ്യുന്നു – ദുഖങ്ങളിൽ നിന്നും മോചനം നേടണം, വികാരങ്ങളിൽ നിന്നും മോചനം നേടണം, ബന്ധനങ്ങളിൽ നിന്നും മോചനം നേടണം, എന്നാൽ ചെയ്യുന്ന പ്രവർത്തികൾ ബന്ധനങ്ങളിൽ നിന്നും മുക്തനാക്കുന്നില്ല. വികാരങ്ങളിൽ നിന്നും മുക്തനാക്കുന്നില്ല. ചെയ്യുന്നതെല്ലാം ധർമ്മത്തിന്റെ താണെന്ന് കരുതുകയും ചെയ്യുന്നു – നോക്കൂ, ഇത് ധർമ്മത്തിന്റെ കാര്യമാണല്ലോ ഞാൻ ചെയ്യുന്നത്? അതാണ് ധർമ്മം, ഇതാണ് ധർമ്മം എന്നു ധരിച്ചിരിക്കുകയും ചെയ്യുന്നു. വലിയ കരുണയാണവരോട് തോന്നുക. പാവങ്ങൾ എവിടെ കുരുങ്ങിക്കിടക്കുന്നു!

ധർമ്മത്തിന്റെ പേരിൽ ധർമ്മവിരുദ്ധമായ കാര്യങ്ങളാണ് ചെയ്യുന്നത്. ധർമ്മത്തിന്റെ അർത്ഥം തന്നെ മറന്നുപോയി. പ്രകൃതിയുടെ നിയമം, ഋത്ത്, സ്വഭാവം എന്തോ അതാണ് ധർമ്മം. അതു മറന്നുപോയി. എവിടെയാണു കുരുങ്ങി ക്കിടക്കുന്നത്! വളരെ സ്നേഹത്തോടെ, കരുണ യോടെ, ആളുകൾക്ക് ഉപയോഗമുള്ള കാര്യം മാത്രം പറഞ്ഞു കൊടുക്കും – വ്യക്തിയുടെ നന്മയുടെ കാര്യം മാത്രം പറയും. മനസ്സിന്റെ മേൽ ഭാഗം മാത്രം കുറച്ചു സമയത്തെ മറവി കൊണ്ട് ദുഖത്തിൽ നിന്നും മുക്തമാക്കുന്ന എല്ലാ കാര്യങ്ങളേയും ദൂരെയകറ്റും. അല്ലെങ്കിൽ കുരുങ്ങിത്തന്നെ കിടന്നുപോകും. കുറച്ചു നേരത്തേക്ക് ഭജനം ചെയ്തു, കീർത്തനങ്ങൾ പാടി, ഏതെങ്കിലും വിശ്വാസങ്ങൾ അനുസരിച്ച് തീർത്ഥസ്ഥലങ്ങളിൽ പോയി, കുറച്ചു ഇതു ചെയ്തു, കുറച്ച് അതു ചെയ്തു, പറയും – വളരെ സുഖം തോന്നി, ആനന്ദമായി, നല്ലതായി. നല്ലതായി. ആർക്ക് നന്നായി, എന്തു നന്നായി? ഈ മേൽഭാഗത്തുള്ള കോൺഷ്യസ് മൈന്റ്, അതിനെ അങ്ങുമിങ്ങും കൊണ്ടുചെന്ന് നിർത്തി, എന്നിട്ട് നന്നായി എന്നു പറയുന്നു. അകത്തേക്ക് നീ എത്തിയിട്ടുപോലുമില്ല. അകത്തേക്ക് പോകുവാനുള്ള വിദ്യ കിട്ടിയിട്ടില്ല. പിന്നെ എന്തു നന്നായി? വീണ്ടും കുരുങ്ങിയില്ലേ? കുരുങ്ങാനനുവദിക്കരുത്.

ശരിക്കും നേരെയുള്ള മാർഗ്ഗം – മനസ്സിന്റെ ഓപ്പറേഷൻ ചെയ്ത്, മുകൾതലം മുതൽ അടിത്തട്ടു വരെ, എങ്ങനെ എത്തിച്ചേരാം? വികാരങ്ങളുടെ ഉത്ഭവസ്ഥാനത്ത് രാഗത്തിന്റെ ഉറവിടത്തിൽ ദ്വേഷത്തിന്റെ ഉറവിടത്തിൽ എങ്ങനെ എത്തിച്ചേരാം? ആരംഭിക്കുന്നിടത്ത് എങ്ങനെ അനാരംഭിയാകാം? അപ്പോഴല്ലേ പ്രയോജനമുള്ള കാര്യമാകുന്നുള്ളു. ഉള്ളിന്റെ ഉള്ളിൽ ആരംഭിച്ചുകൊണ്ടേയിരിക്കുന്നു, പ്രതിക്ഷണം ആരംഭിക്കുന്നു. രാഗത്തിന്റെ ആരംഭം, ദ്വേഷത്തിന്റെ ആരംഭം ഉണ്ടായികൊണ്ടേയിരിക്കുന്നു. അവയൊക്കെ ഒന്നിനുമെൽ ഒന്നായി നമ്മൾ അമർത്തിവക്കുന്നു. തെറ്റിധാരണ ഉണ്ടാക്കുന്ന തരത്തിൽ ചില പൂശുകൾ നടത്തുന്നു. തോന്നുന്നു, എന്നിട്ടു സ്വയം കരുതുന്നു – ഇപ്പോൾ എന്നിൽ രാഗമൊന്നുമില്ല, ഇപ്പോൾ ദ്വേഷമൊന്നുമില്ല, ഞാൻ തികച്ചും ശാന്തനാണ്. ആരു ശാന്തൻ? കേവലം മേൽഭാഗത്തുള്ള മനസ്സു മാത്രം ശാന്തം. അകത്ത് എത്രമാത്രം കോലാഹലം, എത്ര മാത്രം വ്യാകുലത, എത്രമാത്രം അശാന്തി! അവിടം വരെ

എത്തിയിട്ടേയില്ലല്ലോ! എങ്ങനെ അവിടം വരെ എത്താം? ബാക്കി കാര്യങ്ങളെല്ലാം ഒരു വശത്ത്, അവിടം വരെ എത്തി അകത്ത് കടന്നു ചെല്ലുമ്പോൾ തന്നെ കുറിച്ചുള്ള സത്യം പ്രകടമാകുന്നു. സ്ഥൂലമായവ, ഘനീഭൂതമായവ കഷ്ണങ്ങളാക്കി പരിശോധിച്ച് ഓരോ ഭാഗവും വീണ്ടും വിഭജനം ചെയ്ത് വിഘടനം ചെയ്ത് ചെയ്ത് അതിനെ വീണ്ടും വിശ്ലേഷണം ചെയ്ത് ചെയ്ത്, വീണ്ടും വിഭജനം ചെയ്യുവാൻ, വിശ്ലേഷണം ചെയ്യുവാൻ സാധിക്കാത്ത തലത്തിൽ എത്തുന്നു. അതിനെ കുറിച്ചുള്ള അന്തിമമായ സത്യത്തിൽ എത്തി ചേരുന്നു. അതിനെ പരമാർത്ഥ സത്യം എന്ന് പറഞ്ഞു. അതായത് യഥാർത്ഥ പരമാർത്ഥ സത്യം ഇതാണ്. ഉപരിതലത്തിൽ പലതും സത്യം പോലെ തോന്നും, സത്യമെന്ന പ്രതീതിയുള്ളവയാകും, പ്രകടസത്യം, അങ്ങനെ തോന്നും. എന്നാൽ ഇത് യഥാർത്ഥ സത്യമാണോ? അതിനെ സൂക്ഷ്മമായി നോക്കി തുടങ്ങുമ്പൊൾ, അതിനെ വിഘടനം ചെയ്തു തുടങ്ങുമ്പോൾ അതിനെ വിശ്ലേഷണം ചെയ്തു തുടങ്ങുമ്പോൾ, ചെറിയ കഷ്ണം കഷ്ണമാക്കി അന്തിമമായ സത്യത്തിൽ എത്തിച്ചേരുന്നു. – പ്രകടമാകുന്ന സത്യം വിഭ്രാന്തി അഥവാ ഭ്രമം ജനിപ്പിക്കുന്നു. എന്നാൽ അന്തിമമായ സത്യം വരെ എത്തുമ്പോൾ ഈ ഭ്രമം പൂർണ്ണമായും അകലുന്നു. പൂർണ്ണമായും വിഭ്രാന്തിയകലുന്നു.

എന്തിനെകുറിച്ചാണോ ഭ്രമം, തെറ്റിദ്ധാരണ യുള്ളത്, അതിനെ വിശ്ലേഷണം ചെയ്യുവാൻ തുടങ്ങുക. തന്നെ കുറിച്ച്, ഈ ആറടിയുള്ള ശരീരത്തിനകത്ത് സത്യങ്ങളാണ് കുടികൊള്ളുന്നത്. എന്തെന്ത് വിശ്വാസങ്ങളാണ് നിലവിലുള്ളത് – അതിനെ ഭേദിച്ചു അകത്ത് കടക്കുവാൻ തുടങ്ങാം. ജോലി എല്ലായ്പ്പോഴും സ്ഥൂലമായ സത്യത്തിൽ ആരംഭിക്കും. അപ്പോൾ ഭൗതിക ശരീര ത്തെകുറിച്ചുള്ള ഒരു സത്യമിതാണ് – വെളിയിൽ എങ്ങനെയോ, അങ്ങനെ അകത്തും. ഒന്ന് – ഭൗതികമായ സത്യമാണ്, അക്കാലത്തെ ഭാഷയിൽ ഇതിനെ രൂപമെന്ന സത്യം എന്നു പറഞ്ഞു. രൂപമെന്നാൽ ഇവിടെ ആകൃതിയല്ല ഉദ്ദേശിക്കുന്നത്, പരമാണുവിന്റെ ഈ സമുച്ചയത്തെയാണ് രൂപമെന്നു പറഞ്ഞിരിക്കുന്നത്. ഭൗതിക പദാർത്ഥങ്ങൾക്ക് അതിന്റെ ഒരു സത്യമുണ്ട്. പ്രകടമാകുന്ന സ്ഥൂലമായ സത്യം. എന്നാൽ അതിന്റെ പരമമായ, അന്തിമമായ സത്യം എന്താണ്? ഇത് നമുക്ക് ഈ ശരീരത്തിനകത്താണ് അറിയേണ്ടത്. ചിത്തത്തെ കുറിച്ചും ഒരു വലിയ തെറ്റിധാരണയുണ്ട്. ചിത്തത്തിന്റെ പ്രകടമായ സത്യം എന്താണ്? പ്രതീതമാകുന്ന സത്യം എന്താണ്? അതിനെ ഇഴകീറി പരിശോധിക്കുമ്പോൾ അതിന്റെ അന്തിമസത്യം എന്താണ്? അവിടം വരെ എത്തി, ചിത്തത്തെകുറിച്ച് എത്രയോ തെറ്റിദ്ധാരണകൾ! ഈ തെറ്റിദ്ധാരണകൾ മൂലമായി നമ്മൾ വികാരം ജനിപ്പിച്ച് സ്വയം വ്യാകുലരായിത്തീരുന്നു, ഈ ഭ്രമം മൂലം വികാരമകറ്റി മുക്തിയുടെ മാർഗ്ഗം ലഭിക്കുന്നില്ല. ഈ ഭ്രമം അകന്നാൽ – ശരീരത്തെ കുറിച്ചുള്ള ഭ്രമം മുഴുവനായും അകലണം, ചിത്തത്തെകുറിച്ചുള്ള ഭ്രമം മുഴുവനും അകലണം.

മൂന്നാമത്തെ ഒരു സത്യം കൂടിയുണ്ട് – ചിത്തവൃത്തിയെകുറിച്ചുള്ള സത്യം – ചൈതസിക മെന്ന് അക്കാലത്തെ ഭാഷയിൽ പറഞ്ഞിരുന്നു. അതായത്, ചിത്തം എന്തിനെയാണ് ഉൾക്കൊണ്ടി രിക്കുന്നത് അഥവാ വഹിച്ചു ക്കൊണ്ടിരിക്കുന്നത്. ചിത്തത്തെകുറിച്ചുള്ള സത്യമെന്താണ്. ചിത്തത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള സത്യം എന്താണ്? അതിന്റെയും സ്ഥൂല–സ്ഥൂലമായ സത്യത്തെ നിരീക്ഷിച്ചു നിരീക്ഷിച്ചു – ഓ ഇതാണിതിന്റെ അന്തിമമായ സത്യം! പ്രകടമായ സത്യവും; അന്തിമ സത്യവും, അതായത് പരമാർത്ഥ സത്യവും. ഈ ഭൗതിക ശരീരത്തിന്റെ, സത്യത്തെ, ചിത്തത്തിന്റെ സത്യത്തെ, ചിത്തവൃത്തിയുടെ സത്യത്തെ – എല്ലാം അറിയുന്നതിനു വേണ്ടിയാണ് വിപശ്ശന ചെയ്യുന്നത്.

…..തുടരും.